**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3377 9-4-2013 -ൽ മറുപടി നൽകേണ്ടത്

**ജീവനക്കാരെ ബോധവൽക്കരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. പാലോട് രവി<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂവും കയറും<br>വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിനും സേവനങ്ങൾ നൽകുന്നതിലെ കാലതാമസങ്ങൾ ഒഴിവാക്കുന്നതിനും ജീവനക്കാരെ ബോധവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിനായി സംസ്ഥാനത്തെ 3 മേഖലകളിലായി തിരിച്ച് (ദക്ഷിണ മേഖല - തിരുവനന്തപുരം, മദ്ധ്യമേഖല - എറണാകുളം, ഉത്തര മേഖല - കോഴിക്കോട്) റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ ഓഫീസുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ട്രേറ്റുകളിലെയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരങ്ങൾ കൂടി നൽകി ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം എന്ന് പുനർ നാമകരണം ചെയ്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ റവന്യൂ ഓഫീസുകളിൽ നിന്നുമുള്ള സേവനങ്ങൾ നൽകുന്നതിലെ കാലതാമസങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളെയും കമ്പ്യൂട്ടർവത്ക്കരിക്കുകയും, ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുകയും, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഇ-ഡിസ്ട്രിക്റ്റ് പ്രോജക്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും നടപ്പാക്കിയ ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലൂടെ ഓൺലൈൻ ആയി 23 ഇനം സേവനങ്ങൾ റവന്യൂ വകുപ്പിന്റേതായി ലഭിക്കുന്നു. കൂടാതെ ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്ത് 17 വില്ലേജാഫീസുകളിൽ നടപ്പാക്കി. റീ-സർവ്വേ കഴിഞ്ഞ വില്ലേജുകളിലും ഇത് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | റവന്യൂ വകുപ്പിനെ പൂർണ്ണമായും അഴിമതിരഹിതവും സുതാര്യവുമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. സാധാരണ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയാണ് ഇതിന്റെ ഉദ്ദേശം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ജനങ്ങൾക്ക് ഓൺലൈൻ ആയി ലഭിക്കുന്നു. ഓൺലൈൻ പോക്കുവരവ് നടപ്പാക്കുന്നതിലൂടെ വേഗത്തിൽ സേവനം ലഭ്യമാകുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ? | (ഡി) | റവന്യൂ, സർവ്വേ വകുപ്പിലെ ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടുകൂടി സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഐ.എൽ.ഡി.എം. ഇതു കൂടാതെ ഐ.എം.ജി. ഐ.റ്റി. മിഷൻ എന്നിവയും റവന്യൂ ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി വരികയാണ്. |

സെക്ഷൻ ഓഫീസർ.